## വികസന രൂപരേഖ – ആമുഖം


ചരിത്രപ്പഴമയിൽ ചിറ്റൂരിന്റെ പൈതൃകം ഭൂപ്രകൃതിയിലും, സമ്പത്തിലും, സാംസ്കാരിക സാമൂഹ്യ പുരോഗതിയിലും മുൻ നിരയിലാണ് നിലകൊള്ളുന്നത്. കേരളത്തിലെ ഏറ്റവും പഴക്കം ചെന്ന നഗരസഭകളിലൊന്നായ ചിറ്റൂർ–തത്തമംഗലം നഗരസഭ പശ്ചിമഘട്ടത്തിലെ പാലക്കാടൻ ചുരത്തിൽ സ്ഥിതിചെയ്യുന്നു. ചിറ്റൂരിനേയും തത്തമംഗലത്തേയും വേർതിരിച്ചുകൊണ്ട് കിഴക്കുനിന്നും പടിഞ്ഞാറോട്ട് ഒഴുകുന്ന ശോകനാശിനിപ്പുഴ ഭാരതപ്പുഴയുടെ കൈവഴിയാണ്. കുന്നിൻ ചരിവുകളും സമതല പ്രദേശങ്ങളും താഴ്‌വര പ്രദേശങ്ങളും അടങ്ങുന്നതാണ് ചിറ്റൂർ–തത്തമംഗലത്തിന്റെ ഭൂപ്രകൃതി.

1908ലാണ് ചിറ്റൂർ–തത്തമംഗംലം നഗരസഭ രൂപം കൊണ്ടത്. 1997ൽ നഗരസഭയുടെ ഇടക്കാല വികസന രൂപരേഖ തയ്യാറാക്കപ്പെട്ടു. വാണിജ്യവ്യവസായ കേന്ദ്രങ്ങളുടെ ആസൂത്രിത വികസനത്തിലൂടെയും നിലവിലുള്ള റോഡുകളുടെ വീതികൂട്ടിയും പുതിയ ബൈപാസ് റോഡുകൾ പണിതും നഗരത്തിലെ ഗതാഗതകുരുക്ക് ഒഴിവാക്കുകയും ഭാവിവികസനത്തിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുകയുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

പ്രധാനമായും കാർഷികമേഖലയെ ആശ്രയിച്ച് മുന്നോട്ടുപോകുന്ന ഒരു ജനത അധിവസിക്കുന്ന പ്രദേശമാണ് ചിറ്റൂർ–തത്തമംഗലം. മുനിസിപ്പാലിറ്റിയായിട്ടും ഗ്രാമത്തിന്റെ നന്മയും വിശുദ്ധിയും ഒട്ടും നഷ്ടപ്പെടാതെ സംരക്ഷിച്ചുവരുന്ന ഒരു പ്രദേശമാണ് ഈ നഗരം. ശോകനാശിനി വേർതിരിച്ച രണ്ടു നഗരങ്ങൾ ചേർന്ന ഈ നഗരസഭ കുടിവെള്ളത്തിനും കൃഷിക്കും ആശ്രയിച്ചിരിക്കുന്നത് ഈ നദിയെയാണ്. മനുഷ്യന്റെ ജീവിതശൈലിയിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങൾ ഈ നദിയെ മലിനമാക്കുന്ന അവസ്ഥയിൽ എത്തിയിട്ടുണ്ട്.

കേരള സർക്കാർ ഉത്തരവ് നമ്പർ 1376/2012/ ത. സ്വ. ഭ. വകുപ്പ് തിയ്യതി 17/05/2012 പ്രകാരം വികസന രൂപരേഖ തയ്യാറാക്കുന്നതിനായി അനുവാദം നൽകി ഉത്തരവായിട്ടുണ്ട്. അതിൽ ചിറ്റൂർ – തത്തമംഗലം നഗരസഭയും ഉൾപ്പെടുന്നു.

നഗരസഭയുടെ വടക്ക് ഭാഗം പെരുവെമ്പ്, പൊൽപ്പുള്ളി എന്നീ പഞ്ചായത്തുകളും, തെക്ക് പട്ടഞ്ചേരി, പെരുമാട്ടി പഞ്ചായത്തുകളും, കിഴക്ക് നല്ലേപ്പിള്ളി പഞ്ചായത്തും, പടിഞ്ഞാറ് പെരുവെമ്പ്, പുതുനഗരം എന്നീ പഞ്ചായത്തുകളും അതിർത്തി പങ്കിടുന്നു. 14.71 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിൽ വ്യാപിച്ചുകിടക്കുന്ന നഗരസഭയുടെ ജനസംഖ്യ 32298 ആണ് (2011 സെൻസസ് പ്രകാരം).



**വിശകലനത്തിലെ പ്രധാന കണ്ടെത്തലുകൾ.**

1. പാലക്കാട് ജില്ലാ സംയോജിത വികസന രൂപരേഖയനുസരിച്ച് ഒറ്റപ്പാലത്തിനു നഗര പ്രവർത്തന സ്വഭാവമാണുള്ളത്. കൂടാതെ ചിറ്റൂർ-തത്തമംഗലം രണ്ടാം ക്രമ വിവിധോദ്ദ്യേശ്യ മേഖലയായി തിരിച്ചിരിക്കുന്നു.

2. ചിറ്റൂർ-തത്തമംഗലം നഗരസഭയുടെ ജനസംഖ്യ 2011 സെൻസസ് പ്രകാരം 32298 ആണ്. അതിൽ 15665 പുരുഷന്മാരും, 16633 സ്ത്രീകളും ഉൾപ്പെടുന്നു. ഇത് ജില്ലാ ജനസംഖ്യയുടെ 1.15% മാത്രമാണ്. സമീപ നഗരസഭകളുമായി താരതമ്യപ്പെടുത്തുമ്പോൾ ചിറ്റൂർ-തത്തമംഗലം കൂടിയ ജനസംഖ്യാ നിരക്കു രേഖപ്പെടുത്തുന്നു. 2195 ആളുകൾ / ചതുരശ്ര കിലോമീറ്റർ ആണ് നഗരസഭയുടെ ജനസാന്ദ്രത.

3. ചിറ്റൂർ-തത്തമംഗലം നഗരസഭയിൽ എകദേശം 58% ത്തോളം വിസ്തൃതിയിൽ പരിസ്ഥിതി പ്രധാന മേഖല കാണപ്പെടുന്നു. ഭൂസർവെ പ്രകാരം കൂടുതൽ ഭൂപ്രദേശങ്ങളും നെൽകൃഷിക്കായാണ് വിനിയോഗിക്കുന്നത്.

4. ചിറ്റൂർ-തത്തമംഗലം നഗരസഭയിൽ തൊഴിൽ മേഖലയിലെ പങ്കാളിത്തം വളരെ ശക്തമാണ്. സേവന മേഖലയിലെ വർധിച്ച തൊഴിൽ പങ്കാളിത്തം നഗര സ്വഭാവത്തെ പ്രതിഫലിപ്പിക്കുന്നു.

5. വൻകിട വ്യവസായങ്ങൾ ഒന്നും തന്നെ നഗരസഭയിൽ ഇല്ല. ചെറുകിട വ്യവസായങ്ങൾ മാത്രമാണ് സജീവം. ചുറ്റുപാടുമുള്ള പ്രദേശങ്ങളിലെ കാർഷികോല്പന്നങ്ങളെ പ്രയോജനപ്പെടുത്തി കൊണ്ടുള്ള വ്യവസായങ്ങൾക്ക് ഈ മേഖല തികച്ചും അനുയോജ്യമാണ്.

6. ടൂറിസ്റ്റ് സ്ഥലങ്ങളുടെ അഭാവവും അടിസ്ഥാന സൗകര്യങ്ങളുടെ ദൗർലഭ്യതയും ചിറ്റൂർ-തത്തമംഗലം നഗരസഭയുടെ വിനോദ സഞ്ചാര മേഖലയെ ദുർബ്ബലമാക്കി.

7. ചരിത്രപ്രാധാന്യമുള്ള തുഞ്ചൻ മഠവും കാർഷിക വിനോദസഞ്ചാര കേന്ദ്രത്തിനനുയോജ്യമയ പ്രദേശങ്ങളും നഗരസഭയിലെ ടൂറിസ്റ്റ് സാധ്യതകൾക്ക് മുതൽക്കൂട്ടാണ്.

8. ശോകനാശിനി പുഴയുടെ തീരത്തെ പുഴയോര വിനോദ സഞ്ചാര കേന്ദ്രമായി വികസിപ്പിക്കാവുന്നതാണ്.

9. നഗരസഭയുടെ എകദേശം 43.48% ത്തോളം ഭൂപ്രദേശങ്ങളും നെൽകൃഷിക്കായി വിനിയോഗിച്ചിരിക്കുന്നു. നിലവിലെ കുളങ്ങളും, തോടുകളും, കനാലുകളും നവീകരിച്ച് ജലസേചന സൗകര്യം ലഭ്യമാക്കി നെൽകൃഷിയുടെ ഉല്പാദനക്ഷമത ഉയർത്തേണ്ടത് അത്യാവശ്യമാണ്. ഞവര അരിയുടെ ഉല്പാദനക്ഷമത ഉയർത്തുവാൻ പ്രത്യേക പദ്ധതികൾ നടപ്പാക്കേണ്ടതാണ്.

10. അടിസ്ഥാനസൗകര്യങ്ങളൊരുക്കി മൃഗസംരക്ഷണ മേഖലയെ മുന്നോട്ടു കൊണ്ടുവരാവുന്നതാണ്.

11. Grid Iron ഗതാഗത ശൃംഗലയാണ് ചിറ്റൂർ-തത്തമംഗലം റോഡുകളിൽ കാണാനാവുക. പാലക്കാട്-തത്തമംഗലം-പൊള്ളാച്ചി സംസ്ഥാന പാത-27, പാലക്കാട്-ചിറ്റൂർ-നാട്ടുകൽ എന്നിവയാണ് നഗരസഭയിലൂടെ കടന്ന് പോകുന്ന പ്രധാന റോഡുകൾ.

12. നഗരസഭയിലെ ഗതഗത കുരുക്കിന്റെ പ്രധാന കാരണം പാർക്കിംഗ് സൗകര്യത്തിന്റെ അഭാവമാണ്. ചിറ്റൂർ ഭാഗത്ത് പുതിയ ബസ്സ് സ്റ്റാന്റ് ആവശ്യമാണ്

13. നിലവിലുള്ള ട്രക്ക് ടെർമിനൽ സൗകര്യങ്ങൾ തീർത്തും അപര്യാപ്തമാണ്.

14. പുതുനഗരത്ത് റെയിൽവേയുടെ മീറ്റർ ഗേജ് ബ്രോഡ് ഗേജ് ആയി മാറ്റുന്ന പണി പൂർത്തിയാകുന്നതോടുകൂടി നഗരസഭയിലേക്കുള്ള വാഹനപെരുപ്പം ഗണ്യമായി കൂടുവാൻ സാധ്യതയുണ്ട്.

15. ജനങ്ങളിൽ ഭൂരിഭാഗവും കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പുകളേയാണ് കുടിവെള്ളത്തിനായി ആശ്രയിക്കുന്നത്. സാംമ്പിൾ പഠനത്തിൽ നഗരസഭയിലെ കിണറുകളിൽ കൂടിയതോതിൽ ഈ-കോളി ബാക്റ്റീരിയ അടങ്ങിയിരിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. എങ്കിലും വേനൽക്കാലത്ത് ജലക്ഷാമം അനുഭവപ്പെടുന്നു. ഭാരതപ്പുഴയിൽ താൽക്കാലിക തടയണ നിർമിച്ചു ജലക്ഷാമം പരിഹരിക്കാൻ കഴിയും

16. 6.7MLD ത്രാണിയുള്ള ശുദ്ധീകരണശാല നിലവിൽ പുഴപ്പാലത്തിനു സമീപം സ്ഥിതിച്ചെയ്യുന്നു

17. UIDSSMT പദ്ധതി നടപ്പിലാവുന്നതോടുകൂടി നഗരസഭ കുടിവെള്ള സമൃദ്ധമുള്ള പട്ടണമായി മാറുന്നതാണ്.

18. 3 ടൺ കപ്പാസിറ്റിയുള്ള വിൻഡ്രോ കമ്പോസ്റ്റ് നഗരത്തിലെ ജൈവമാലിന്യങ്ങളെ സംസ്കരിക്കുന്നു.

19. മുഖ്യ ഊർജ്ജ ഉപയോഗം ഗാർഹിക ആവശ്യങ്ങൾക്കായതുകൊണ്ടുതന്നെ ഊർജ്ജ സംരക്ഷണത്തിന് ഊന്നൽ നൽകികൊണ്ട് എല്ലാ വീടുകളിലും സോളാർ പാനലുകൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കേണ്ടതാണ്.

20. സൗരോർജ്ജത്തിന്റെ ലഭ്യത ഉപയോഗപ്പെടുത്താൻ നഗരസഭയിൽ ഏറെ സാധ്യതകൾ കാണപ്പെടുന്നു.

21. ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങൾ കണക്കിലെടുത്താൽ ചിറ്റൂർ-തത്തമംഗലം നഗരസഭ മുൻപന്തിയിൽ നിൽക്കുന്നു. നിലവിൽ ഒരു ആർട്സ് ആൻഡ് സയൻസ് കോളേജും, ഒരു ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂഷനും പ്രവർത്തിച്ചുവരുന്നു.

22. ചിറ്റൂർ-തത്തമംഗലം നഗരസഭയുടെ സാക്ഷരതാനിരക്ക് 2011 സെൻസസ് പ്രകാരം 89.7% ആണ്. നഗരസഭയുടെ സാക്ഷരത നിരക്ക് ജില്ലയിലെ മറ്റു നഗരസഭകളെ അപേക്ഷിച്ച് കുറവാണ്.

23. ഒരു ഗവൺമെന്റ് താലൂക്ക് ഹോസ്പിറ്റലും, 8 സ്വകാര്യ അലോപ്പതി ക്ലിനിക്കുകളും, ഒരു ഗവൺമെന്റ് ആയൂർവ്വേദ ആശുപത്രിയും, 5 സ്വകാര്യ ആയുർവേദ ആശുപത്രികളും, ഒരു ഗവൺമെന്റ് ഹോമിയോ ആശുപത്രിയും 5 ഹോമിയോ ക്ലിനിക്കുകളുമാണ് നഗരസഭയിൽ നിലവിൽ പ്രവർത്തിച്ചു വരുന്നത്.

24. ഉയർന്ന ചികിത്സാ സൗകര്യങ്ങൾക്കായി ഇവിടുത്തെ ജനങ്ങൾ തൊട്ടടുത്ത ജില്ലയെ ആശ്രയിക്കുന്നു. ഗവൺമെന്റ് താലൂക്ക് ഹോസ്പിറ്റലിലെ അടിസ്ഥാന സൗകര്യങ്ങളുടെയും ജീവനക്കാരുടെയും അഭാവം പരഹരിക്കപ്പെടേണ്ടതുണ്ട്.

25. സാമൂഹ്യ സാമ്പത്തിക സർവെ 2012 പ്രകാരം 36.1% ജനങ്ങൾക്കും പക്ക വീടുകൾ തന്നെയാണുള്ളത്. കൂടുതൽ വീടുകളുടേയും വിസ്തീർണ്ണം ( Plinth area) 20-75 sq.km ൽ ഉൾപ്പെടുന്നു. 93% ജനങ്ങളും സ്വന്തമായി ഭൂമിയുള്ളവർ ആണ്.

26. നിലവിൽ നഗരസഭയിൽ രണ്ടു പാർക്കുകൾ ഉണ്ടെങ്കിലും സൗകര്യങ്ങൾ മെച്ചപ്പെടുത്തി പ്രവർത്തന സജ്ജമാക്കേണ്ടതുണ്ട്. വിനോദത്തിനായുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടത് ടൗണിന്റെ വികസനത്തിന് അത്യന്താപേക്ഷിതമാണ്.

27. കർഷകരും കർഷക തൊഴിലാളികളും കൂടുതലായി കാണപ്പെടുന്ന വാർഡുകളിലാണ് പട്ടികജാതി/ പട്ടിക വർഗ്ഗ വിഭാഗങ്ങൾ പ്രധാനമായും വസിക്കുന്നത്.

28. നഗരസഭയിലെ 53.13% കുടുംബങ്ങളും ദാരിദ്രരേഖയ്ക്കു താഴെയുള്ളവരാണ്.

29. ആശുപത്രികളുടെയും വിദ്യാഭ്യാസസ്ഥാപനങ്ങളുടെയും പരിസരപ്രദേശങ്ങളിലെ ശബ്ദമലിനീകരണം നിയന്ത്രിക്കുന്നതിനായി ശക്തമായ നിയമങ്ങൾ കൊണ്ടുവരേണ്ടതാണ്.

30. കുളങ്ങൾ, തോടുകൾ, നെൽവയലുകൾ, ചരിത്ര പ്രാധാന്യമുള്ള പ്രദേശങ്ങൾ എന്നീ പരിസ്ഥിതി പ്രധാന മേഖലകളെ സംരക്ഷിക്കേണ്ടതാണ്

**വികസന ലക്ഷ്യങ്ങൾ**

1. ചിറ്റൂർ–തത്തമംഗലം നഗരസഭയെ അടുത്തുള്ള പഞ്ചായത്തുകളുടെ ആവശ്യങ്ങൾ പരിഗണിച്ചുകൊണ്ട് രണ്ടാം ക്രമ സർവീസ് സേവന കേന്ദ്രമാക്കി ഉയർത്തുവാൻ ലക്ഷ്യമിടുന്നു.

2. നഗരസഭയെ പരിസ്ഥിതി സൗഹാർദ്ധവും സാമ്പത്തിക ഭദ്രതയും ഉള്ള താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആയി ഉയർത്തുകയും. നഗരസഭയിലെയും ചുറ്റുമുള്ള പ്രദേശങ്ങളിലെയും കാർഷികോൽപ്പന്നങ്ങളുടെ സംഭരണവിതരണ കേന്ദ്രമാക്കി വികസിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു.

3. സുഗമവും സുരക്ഷിതവുമായ ഗതാഗത സംവിധാനം നഗരസഭയ്ക്കകത്തും മറ്റു സ്ഥലങ്ങളിലേക്കും ഉറപ്പുവരുത്തുക.

4. പരിസ്ഥിതിയേയും കൃഷിസ്ഥലങ്ങളേയും സംരക്ഷിച്ചുകൊണ്ടുള്ള സുസ്ഥിര വികസനം ലക്ഷ്യ–മിടുന്നു.

5. നഗരത്തിലെ സാംസ്കാരിക–പൈതൃക സമ്പത്ത് സംരക്ഷിക്കുകയും അനുയോജ്യമായ രീതിയിലുള്ള വികസനത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

6. നിലവിലുള്ള പാർക്ക്, കളിസ്ഥലങ്ങൾ, തുറസ്സായ സ്ഥലങ്ങൾ എന്നിവ സംരക്ഷിക്കുക.

7. സാമൂഹികമായും സാമ്പത്തികമായും പിന്നോക്കംനില്ക്കുന്ന ജനങ്ങളുടെ ഉന്നമനവും, അടിസ്ഥാന സൗകര്യങ്ങളുടെ വികസനവും ലക്ഷ്യമിടുന്നു.

**വികസന ഉദ്ദേശ്യങ്ങൾ**

1. മികവുറ്റ ഗതാഗത ശൃംഖല രൂപീകരിച്ചുകൊണ്ട് നഗരകേന്ദ്രത്തിലെ ഗതാഗത കുരുക്ക് നിയന്ത്രിക്കുകവഴി, വാണിജ്യവ്യവസായ സംരംഭങ്ങളുടെ സുഗമമായ പ്രവർത്തനം ഉറപ്പുവരുത്തുക.

2. കാർഷികോൽപ്പന്നങ്ങൾ പ്രയോജനപ്പെടുത്തികൊണ്ടുള്ള വ്യവസായങ്ങൾക്ക് ഊന്നൽ നൽകികൊണ്ട് കൃഷി അനുബന്ധ മേഖലകൾ വികസിപ്പിക്കുന്നതോടൊപ്പം നഗരസഭയുടെ സാമ്പത്തിക വളർച്ചയും ലക്ഷ്യമിടുന്നു.

3. മതിയായ പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തുകയും കാൽനടയാത്രക്കാരുടെ സുരക്ഷ ഉറപ്പുവരുത്തുകയും ചെയ്യുക.

4. കൃഷിഭൂമി നികത്തികൊണ്ടുള്ള വികസനം കുറച്ച് സുസ്ഥിര വികസന സങ്കല്പം പ്രാവർത്തികമാക്കുക.

5. നിലവിൽ ടൂറിസത്തിന് സാധ്യതയുള്ള പ്രദേശങ്ങളെ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് ടൂറിസ്റ്റ് മേഖല വികസിപ്പിച്ചെടുക്കുക.

6. നിലവിലെ പ്രകൃതി വിഭവങ്ങളെ പരമാവധി ഉപയോഗപ്പെടുത്തിയും ഗുണമേന്മയുള്ള സേവന സൗകര്യങ്ങൾ ലഭ്യമാക്കിയും ആരോഗ്യപ്രദമായ ജീവിത സാഹചര്യം ഉറപ്പുവരുത്തുക

7. ചരിത്ര പ്രാധാന്യമുള്ള പ്രദേശങ്ങളും പരിസ്ഥിതി പ്രാധാന്യമുള്ള പ്രദേശങ്ങളും സംരക്ഷിക്കുക.

**വികസന സങ്കൽപം.**

ചിറ്റൂർ–തത്തമംഗലം നഗരസഭയുടെ വിവിധ മേഖലാ വിശകലനത്തിൽ നിന്നും ഉരുത്തിരിഞ്ഞ വികസന ലക്ഷ്യങ്ങളേയും ഉദ്ദേശ്യങ്ങളേയും ക്രോഡീകരിച്ചുകൊണ്ട് നഗരസഭയുടെ സമഗ്ര വികസന സങ്കല്പം രൂപപ്പെടുത്തിയിരിക്കുന്നു.
കൃഷി–അനുബന്ധ വ്യവസായങ്ങളുടെ വളർച്ചയിലൂടെ നഗരസഭയെ സേവനകേന്ദ്രമാക്കി ഉയർത്തുകയും പൈതൃക സമ്പത്ത് നിലനിർത്തിക്കൊണ്ടുള്ള ടൂറിസം സാധ്യതകൾ വിഭാവനം ചെയ്യുകയും മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾ ഒരുക്കുകയും വഴി സുസ്ഥിരമായ ഒരു വികസനം ലക്ഷ്യമിടുന്നു.
മേൽപറഞ്ഞ വികസന കാഴ്ച്ചപ്പാടിനെ അടിസ്ഥാനമാക്കി നഗരസഭയെ വിവിധ വികസന മേഖലകളായി തരം തിരിച്ചിരിക്കുന്നു.

**1. പരിസ്ഥിതി പ്രധാന മേഖല**

ചിറ്റൂർ–തത്തമംഗലം നഗരസഭയുടെ 58.87% ഭൂവിസ്തൃതിയും പരിസ്ഥിതി പ്രധാന മേഖലയിൽ ഉൾപ്പെടുന്നു. നഗരസഭയുടെ ഭൂരിഭാഗം പ്രദേശങ്ങളും സമുദ്രനിരപ്പിൽ നിന്നും ശരാശരി 115 മീറ്റർ ഉയരത്തിൽ സ്ഥിതി ചെയ്യുന്നു.

**2. താമസ മേഖല**

കാർഷിക മേഖല കൂടുതലായി കാണപ്പെടുന്ന നഗരസഭയുടെ വടക്കു കിഴക്കൻ പ്രാന്തപ്രദേശങ്ങൾ താഴ്ന്ന ജനസാന്ദ്രതാ പ്രദേശങ്ങളായി വിഭാവനം ചെയ്തിരിക്കുന്നു. മറ്റു പ്രദേശങ്ങൾ ഉയർന്ന ജനസാന്ദ്രതാ പ്രദേശങ്ങളായി വികസിപ്പിക്കുവാനും നിശ്ചയിച്ചിരിക്കുന്നു. ഇവിടെ ഉന്നത ചികിത്സാ സൗകര്യങ്ങളും, വിദ്യാഭ്യാസ സൗകര്യങ്ങളും, ഗതാഗത സൗകര്യങ്ങളും ലഭ്യമാക്കേണ്ടതുണ്ട്. നഗരസഭയുടെ മധ്യഭാഗത്തായി മിശ്രിത മേഖല സജ്ജീകരിച്ചിരിക്കുന്നു

**3. സാമ്പത്തിക വികസന മേഖല**

നഗരത്തിന്റെ സാമ്പത്തിക വികസനം പ്രധാനമായും കൃഷിയെയും സേവന മേഖലയെയും ആശ്രയിച്ചിരിക്കുന്നു. സംസ്ഥാന പാതയ്ക്കിരുവശത്തുമായി (SH 25) വാണിജ്യ വ്യവസായ സംരംഭങ്ങൾ പ്രവർത്തിച്ചുവരുന്നു. തത്തമഗലം ജംഗ്ഷൻ അണിക്കോട് ജംഗ്ഷൻ എന്നീ പ്രദേശങ്ങൾ വർദ്ധിച്ചു വരുന്ന വാണിജ്യ പ്രവർത്തനങ്ങളാൽ ഞെരുങ്ങുകയാണ്. ആയതിനാൽ ഭാവിയിലേക്കായി മിശ്രിത താമസ മേഖലയാൽ ചുറ്റപ്പെട്ടുകൊണ്ടുള്ള ഒരു വാണിജ്യ ഇടനാഴി വിഭാവനം ചെയ്തിരിക്കുന്നു.
നഗരത്തിന്റെ സാമ്പത്തിക വികസനത്തിന് വാണിജ്യമേഖലയുടെ പങ്ക് വളരെ വലുതാണ്. അതു കൊണ്ടു തന്നെ വാണിജ്യ മേഖലയുടെ വളർച്ചക്കായി നിലവിലുള്ള വണിജ്യ സംരംഭങ്ങൾ അവിടെ പ്രവർത്തിക്കുന്നത് തുടരുവാനും, വാണിജ്യ പ്രദേശങ്ങളിലെ തിരക്ക് ഒഴിവാക്കുന്നതിനായി വികേന്ദ്രീകൃത വാണിജ്യ രീതി സ്വീകരിക്കുവാനും നിർദ്ദേശം വയ്ക്കുന്നു. താമസ മേഖലയിൽ ചെറുകിട വാണിജ്യങ്ങൾ പ്രാദേശികതലത്തിൽ നടപ്പിലക്കുക.
വാണിജ്യ മേഖലയെ കൂടാതെ സമ്പത്തികവളർച്ചയെ സ്വാധീനിക്കുന്ന മറ്റൊരു ഘടകമാണ് വ്യവസായ സംരംഭങ്ങളിൽ നിന്നുള്ള തൊഴിൽ സാധ്യതകൾ. കാർഷിക അനുബന്ധ വ്യവസായങ്ങളുടെയും മറ്റുവ്യവസായങ്ങളുടെയും വികസനം ഉറപ്പുവരുത്തിക്കൊണ്ട് തൊഴിൽ സാധ്യതയും സമ്പത്തിക വളർച്ചയും ലക്ഷ്യമിടുന്നു.

**4. പൈതൃകം, വിനോദസഞ്ചാരം**

നഗരത്തിലെ 767 ഹെക്ടർ വിസ്തൃതിയിൽ വ്യാപിച്ചു കിടക്കുന്ന നെൽ വയലുകൾ നഗരസഭയുടെ ശ്വാസമായി പ്രവർത്തിക്കുകയും അന്തരീക്ഷ മലിനീകരണം നിയന്ത്രിക്കുന്നതിനു സഹായിക്കുകയും ചെയ്യുന്നു. നീർച്ചാലുകളുടെ ഇരുവശത്തുമായി 5 മീറ്ററോളം ഗ്രീൻ ബെൽറ്റ് തയ്യാറാക്കി നടപ്പാത ഒരുക്കികൊണ്ട് വിനോദ സഞ്ചാര പ്രദേശമായി വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. ചിറ്റൂർ തത്തമഗലം നഗരസഭ കാർഷിക പ്രാധാന്യമുള്ള മേഖലയായതുകൊണ്ടുതന്നെ ചിറ്റൂർ പുഴയുടെ തീരത്തെ 18 ഏക്കർ സ്ഥലത്ത് വ്യാപിച്ചുകിടക്കുന്ന ഞവര – ജൈവ – ഇക്കോ – ഫാം ഒരു പ്രധാന വിനോദസഞ്ചാര കേന്ദ്രമായി നിലനില്ക്കുന്നു.

തുഞ്ചത്ത് ആചാര്യൻ വിശ്രമിച്ച ചിറ്റൂരിലെ തുഞ്ചൻ ഗുരുമഠം കേരളത്തിലും അതിനുപുറത്തും വളരെ പ്രസിദ്ധമാണ്. നവരാത്രിയോട് അനുബന്ധിച്ചുള്ള വിജയദശമിനാളിൽ ആയിരകണക്കിന് കുരുന്നുകൾ ഹരിശ്രീ കുറിക്കുവാൻ തുഞ്ചൻ ഗുരുമഠത്തിൽ എത്തുന്നു. കേരളത്തിലെ മറ്റു പ്രദേശങ്ങളിൽ നിന്നും വ്യത്യസ്തമായി ചിറ്റൂർ തത്തമഗലം പ്രദേശത്തിന്റെ തനതായ ഉത്സവമാണ് കൊങ്ങൻപട.

**5. പൊതുമേഖല / അർദ്ധ പൊതുമേഖല**

നിലവിലെ പൊതുമേഖലാ/ അർദ്ധ പൊതു മേഖലാ സ്ഥാപനങ്ങൾ ഭാവിയിലും തുടരുവാൻ നഗരസഭ നിശ്ചയിച്ചിരിക്കുന്നു.

**വികസന നയങ്ങൾ**

1. ജൈവ നെൽകൃഷിയും, ഞവര പോലുള്ള വ്യത്യസ്ത ഇനത്തിൽപ്പെട്ട നെൽകൃഷിയും വികസിപ്പി-ച്ചെടുക്കുക.
2. ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക.
3. കാർഷിവൃത്തിയിൽ സ്ത്രീശാക്തീകരണം പ്രോത്സാഹിപ്പിക്കുക.
4. നെയ്ത്ത് വ്യവസായങ്ങളെയും മറ്റു കുടിൽ വ്യവസായങ്ങളെയും പ്രോത്സാഹിപ്പിക്കുക.
5. ഉല്പന്നങ്ങളുടെ വൈവിധ്യവൽകരണത്തിലൂടെ പരമ്പരാഗത വ്യവസായങ്ങളുടെ ശക്തിപ്പെടുത്തലും ആധുനികവൽകരണവും ലക്ഷ്യമിടുന്നു
4. കാർഷിക മേഖലയെയും വിനോദസഞ്ചാര മേഖലയെയും അടിസ്ഥാനമാക്കിയുള്ള വാണിജ്യ വികസനം പ്രോത്സാഹിപ്പിക്കുക
5. പൊതുഗതാഗത സംവിധാനം വികസിപ്പിക്കുക വഴി വാണിജ്യ കേന്ദ്രങ്ങളിലേക്കുള്ള പ്രവേശനം സുഗമമാക്കുക
6. ഉയർന്ന ഗുണനിലവാരമുള്ള ലോഡ്ജ് സൗകര്യങ്ങളും ഹോംസ്റ്റേ സംവിധാനങ്ങളും ഒരുക്കികൊണ്ട് വിനോദ സഞ്ചാരമേഖലയെ അഭിവൃദ്ധിപ്പെടുത്തുക
7. നിലവിലുള്ള പ്രധാന റോഡുകളുടെ വീതികൂട്ടുകയും, റോഡ് ജംഗ്ഷനുകൾ വികസിപ്പിക്കുകയും ട്രഫിക് സിഗ്നൽ സംവിധാനം ഏർപ്പെടുത്തുകയും വഴി ഗതാഗത സംവിധാനം മെച്ചപ്പെടുത്തുക.
8. കാര്യക്ഷമമായ നിയന്ത്രണ നടപടികളിലൂടെ നഗരസഭയുടെ പൈതൃകസമ്പത്തും കെട്ടിടങ്ങളും സംരക്ഷിക്കുക.
9. ഖരമാലിന്യങ്ങളുടെ ശേഖരണവും നിർമാർജ്ജനവും സുരക്ഷിതവും ശുചിത്വപൂർണ്ണവുമായ സംവിധാനത്തിലൂടെ സാധ്യമാക്കുക
10. മഴവെള്ള സംഭരണി, ജലത്തിന്റെ പുനരുപയോഗം എന്നിവ പ്രോത്സാഹിപ്പിക്കുക. നഗരസഭയിലെ മുഴുവൻ ജലവിതരണവും മീറ്ററിംഗ് സംവിധാനത്തിലൂടെ സുതാര്യമാക്കുക.
11. ശുദ്ധീകരണ പ്രക്രിയക്ക് വിധേയമാക്കാത്ത മാലിന്യങ്ങൾ ജലസ്രോതസുകളിലേക്ക് പുറംതള്ളുന്നത് നിരോധിക്കുക
12. ജൈവവും അജൈവവുമായ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ വേർതിരിക്കുവാനും സംസ്കരിക്കുവാനുമുള്ള സംവിധാനം ഒരുക്കുക.
13. സ്വകാര്യ–കോർപ്പറേറ്റ് മേഖലകൾ ഉൾപ്പെടുത്തികൊണ്ട് സാമൂഹിക – പശ്ചാത്തല സൗകര്യങ്ങൾ ഫലപ്രധമാക്കുക.
14. കാര്യക്ഷമമായ മാലിന്യ നിർമാർജ്ജനവും സംസ്കരണവും ഉറപ്പുവരുത്തുക
15. അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി അനുയോജ്യമായ സ്ഥലങ്ങൾ നിയമപരമായി ലഭ്യമാക്കുക.
16. സമൂഹത്തിലെ താഴെതട്ടിലുള്ളവരുടെ സാമ്പത്തിക ഉന്നമനം ലക്ഷ്യമിട്ടുകൊണ്ട് കാർഷികമേഖലയിൽ മതിയായ തൊഴിലവസരങ്ങൾ സൃഷ്ട്ടിക്കുക
17. ജലാശയങ്ങളും നെൽ വയലുകളും സംരക്ഷിക്കുക
18. പരിസ്ഥിതി സൗഹൃദവും വികേന്ദ്രീകൃതവുമായ മലിനജല ശുദ്ധീകരണ സംവിധാനത്തെ പ്രോത്സാഹിപ്പിക്കുക
19. മാനവ വിഭവശേഷിയുടെ ഘടനയും ഗുണനിലവാരവും കണക്കിലെടുത്തുകൊണ്ട് നഗരസഭയെ വികസനത്തിലേക്ക് നയിക്കുന്ന പദ്ധതികൾ വിഭാവനം ചെയ്യുക.
20. നഗരസഭയുടെ പ്രവർത്തനങ്ങൾ സുതാര്യവും ഉത്തരവാദിത്വബോധമുള്ളതുമായി മെച്ചപ്പെടുത്തി മികച്ച സേവനം ഉറപ്പുവരുത്തുക.

**പ്രത്യേക പദ്ധതി മേഖലകൾ**

1. ചെമ്പകശ്ശേരി വാർഡിൽ ഭൂ സർവെ നമ്പർ 5 (ഭാഗം) ആധുനിക അറവുശാലയ്ക്കായി നീക്കി വെച്ചിരിക്കുന്നു.
2. നഗരസഭയിൽ പുതിയ മലിനജല സംസ്ക്കരണ പ്ലാന്റ് ചെമ്പകശ്ശേരി വാർഡിലെ സർവെ നമ്പർ 7(ഭാഗം) ൽ ആസൂത്രണം ചെയ്തിരിക്കുന്നു.
3. അണിക്കോട് വാർഡിലെ സർവെ നമ്പർ 23 (ഭാഗം), 27 (ഭാഗം), എന്നിവിടങ്ങളിൽ പുതിയ ബസ്സ് സ്റ്റാൻഡ് വിഭാവനം ചെയ്യുന്നു.

4. മുതുക്കാട് വാർഡിലെ സർവെ നമ്പർ 15, 16 (ഭാഗം), തെക്കേഗ്രാമം വാർഡിലെ സർവെ നമ്പർ 2,3,17,18,19,20(ഭാഗം), 22(ഭാഗം), കടവളവ് വാർഡിലെ സർവെ നമ്പർ 2/1, 2/2, 2/3 പ്രദേശങ്ങൾ പാർക്കുകൾക്കായി ആസൂത്രണം ചെയ്തിരിക്കുന്നു.

5. ചേരുംകോട് വാർഡിലെ സർവെ നമ്പർ 1 (ഭാഗം) മാർക്കറ്റിനായി മാറ്റിവച്ചിരിക്കുന്നു


6. ഇൻഡോർ ഔട്ട്ഡോർ സ്റ്റേഡിയത്തിനായി തറക്കളം വാർഡിലെ സർവെ നമ്പർ 12 (ഭാഗം) ആസൂത്രണം ചെയ്തിരിക്കുന്നു

7. ആര്യംപള്ളം വാർഡിലെ സർവെ നമ്പർ 4(ഭാഗം), 7(ഭാഗം) , വാൽമുട്ടി വാർഡിലെ 1/4 (ഭാഗം), 1/5 (ഭാഗം) പാർക്കിംഗ് സൗകര്യങ്ങൾക്കായും മാറ്റി വെച്ചിരിക്കുന്നു

8. വാൽമുട്ടി വാർഡിലെ സർവെ നമ്പർ 1/3 (ഭാഗം) , 1/4 (ഭാഗം), 1/5 (ഭാഗം), അരങ്ങം വാർഡിലെ സർവെ നമ്പർ 3 (ഭാഗം) എന്നിവിടങ്ങളിൽ പുതിയ ലോറി സ്റ്റാൻഡിനായി നീക്കിവെച്ചിരിക്കുന്നു.

9. അണിക്കോട് വാർഡിലെ സർവെ നമ്പർ 20 (ഭാഗം) മൾട്ടി പർപസ് കമ്മ്യൂണിറ്റി കേന്ദ്രത്തിനായി മാറ്റിവച്ചിരിക്കുന്നു

വിവിധ മേഖലാ പദ്ധതികൾ ചിത്രം 1 ൽ വ്യക്തമാക്കിയിരിക്കുന്നു




**മേഖലാ നിയന്ത്രണങ്ങൾ**

ഉന്നതനിലവാരത്തിലുള്ള ജനജീവിതം സാധ്യമാകുന്നതിനായി ഒരോ വികസന മേഖലയിലും ആസൂത്രിത നിയന്ത്രണം അനിവാര്യമാണ്. നഗരസഭാ അധികൃതർക്ക് നേരിട്ടു അനുമതി നൽകാവുന്ന തരത്തിൽ സുതാര്യവും സുവ്യക്തവുമാക്കി അധികാര വികേന്ദ്രീകരണം സാധ്യമാക്കിയിരിക്കുന്നു.

ജില്ലാ ടൗൺ പ്ലാനറുടേയും , ചീഫ് ടൗൺപ്ലാനറുടേയും അനുമതി ആവശ്യമുള്ളത് വളരെ അനിവാര്യ നിർമ്മാണങ്ങൾക്കു മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു. പരിസ്ഥിതിസംതുലനാവസ്ഥയ്ക്കും, ജൈവസമ്പത്തിനും വിഘാതം വരുത്തുന്ന നിർമ്മാണപ്രവർത്തനങ്ങൾ മാത്രം അനുവദിക്കാൻ സാധ്യമല്ലാത്ത ഗണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

മേൽ വിവരിച്ച വികസന പദ്ധതികൾ ആസൂത്രിതമായി നടപ്പിലാക്കുന്ന പക്ഷം ചിറ്റൂർ–തത്തമംഗലം നഗരസഭയുടെ സാമൂഹ്യ സാമ്പത്തിക വികസനം സാധ്യമാവുകയും, ജനങ്ങളുടെ ജീവിതനിലവാരം ഉയരുകയും ചെയ്യും.

ഭാവിയിലെ വാഹന വർദ്ധനവും ഗതാഗത പ്രശ്നങ്ങളും പരിഗണിച്ച് ഗ്രിഡ് റോഡ് ശൃംഖലയാണ് ചിറ്റൂർ–തത്തമംഗലം സഭയ്ക്കായി വിഭാവനം ചെയ്തിരിക്കുന്നത്. ഈ റോഡുകളുടെ വിശദാംശങ്ങൾ പട്ടിക 1 ൽ കാണിച്ചിരിക്കുന്നു.

| നമ്പർ | റോഡിന്റെ പേര് | റോഡിന്റെ വീതി |
|---|---|---|
| 1 | തത്തമഗലം ബൈപാസ് | 21 മീറ്റർ |
| 2 | കൊടുവായൂർ ചിറ്റൂർ റോഡ് | 21 മീറ്റർ |
| 3 | ദ്വാരക ജംഗ്ഷൻ – മീനാക്ഷിപുരം റോഡ് | 21 മീറ്റർ |
| 4 | ചിറ്റൂർ ബൈപാസ് (south/lower) | 21 മീറ്റർ |
| 5 | പള്ളിമുക്ക്– വണ്ടിത്താവളം റോഡ് | 18 മീറ്റർ |
| 6 | പള്ളിമുക്ക്– പെരുവമ്പ് റോഡ് | 18 മീറ്റർ |
| 7 | തത്തമഗലം ബൈപാസ് ജംഗ്ഷൻ– പാലത്തുള്ളി റോഡ് | 18 മീറ്റർ |
| 8 | ചിറ്റൂർ ബൈപാസ്( North/upper) | 18 മീറ്റർ |
| 9 | വിളയോടി റോഡ് | 18 മീറ്റർ |
| 10 | കൊടുവായൂർ ചുറ്റൂർ റോഡ് (ബോയ്സ് സ്കൂൾ ജംഗ്ഷൻ– ആശുപത്രി ജംഗ്ഷൻ) | 15 മീറ്റർ |
| 11 | കൊടുവായൂർ ചുറ്റൂർ റോഡ് (പള്ളിമൊക്ക് ജംഗ്ഷൻ– ദ്വാരക ജംഗ്ഷൻ) | 15 മീറ്റർ |
| 12 | അണിക്കോട്–പാലക്കാട് റോഡ് | 15 മീറ്റർ |
| 13 | അണിക്കോട്–തെക്കേഗ്രാമം റോഡ് | 15 മീറ്റർ |
| 14 | പെരുംകുളങ്ങര റോഡ് | 12 മീറ്റർ |
| 15 | വടവന്നൂർ റോഡ് | 12 മീറ്റർ |
| 16 | തത്തമഗലം– പാലത്തുള്ളി റോഡ് | 12 മീറ്റർ |
| 17 | തത്തമഗലം–മന്നത്തുകാവ് റോഡ് | 12 മീറ്റർ |
| 18 | പാറക്കളം റോഡ് | 12 മീറ്റർ |
| 19 | വിജയമാത കോൺ വെന്റ് റോഡ് | 12 മീറ്റർ |
| 20 | അരളികടവ് റോഡ് | 12 മീറ്റർ |
| 21 | വടക്കത്തറ നെഹറു തീയറ്റർ റോഡ് | 12 മീറ്റർ |
| 22 | നരം കുഴി റോഡ് | 12 മീറ്റർ |

| | | |
|---|---|---|
| 23 | ഗണപതിക്കോവിൽ ബൈപാസ് ജംഗ്ഷൻ റോഡ് | 12 മീറ്റർ |
| 24 | നെല്ലിക്കാട് റോഡ് | 8 മീറ്റർ |
| 25 | ഡമ്പിംഗ് യാർഡ് റോഡ് | 8 മീറ്റർ |
| 26 | കണ്ണൻതറ റോഡ് | 8 മീറ്റർ |
| 27 | പുതുതായി നിർമിക്കാൻ ഉദ്ദേശിക്കുന്ന സ്റ്റേഡിയത്തിലേക്കുള്ള റോഡ് | 8 മീറ്റർ |
| 28 | വാൽമുട്ടിയിൽ പുതുതായി നിർമിക്കാൻ ഉദ്ദേശിക്കുന്ന ലോറി സ്റ്റാന്റിലേക്കുള്ള റോഡ് | 8 മീറ്റർ |
| 29 | കടവളവിൽ പുതുതായി നിർമിക്കൻ ഉദ്ദേശിക്കുന്ന പാർക്കിലേക്കുള്ള റോഡ് | 8 മീറ്റർ |